DOI: https://doi.org/10.46632/cllrm/4/5/1
Contemporaneity of Language and Literature in the Robotized Millennium
Vol: 4(5), 2022
REST Publisher; ISBN: 978-81-936097-3-6
Website: http://restpublisher.com/book-series/cllrm/

# ഇന്റർനെറ്റ് മീമുകളും മലയാള ഭാഷയും

**സംഗീത് മാത്യു**
ഗവേഷകൻ, മലയാള വിഭാഗം
നിർമല കോളേജ്, മൂവാറ്റുപുഴ
മഹാത്മാഗാന്ധിസർവകലാശാല, കോട്ടയം

**പ്രബന്ധസംഗ്രഹം**
സൈബറിടങ്ങളിൽ പ്രചരിക്കുന്ന ഇന്റർനെറ്റ് മീമുകളെ മുൻനിർത്തി മലയാള ഭാഷയിൽ വന്നിട്ടുള്ള മാറ്റങ്ങളെക്കുറിച്ചുള്ള അന്വേഷണമാണ് ഈ പ്രബന്ധം. പുതിയ പദങ്ങളും ചുരുക്കെഴുത്തുകളും ശൈലികളും ചൊല്ലുകളും ഭാഷയിലേക്ക് കടന്നു വരുന്നു. ഭാഷയിൽ സംഭവിക്കുന്ന ഈ മാറ്റങ്ങൾ സംസാരഭാഷയിൽ മാത്രം ഒതുങ്ങുന്നതല്ല. സാഹിത്യത്തിലേക്കും സാമൂഹിക ജീവിതത്തിലേക്കും അത് വ്യാപിക്കുന്നു. ട്രോളുകൾ സൃഷ്ടിക്കുന്ന പുതിയ ഭാഷണസംസ്കാരത്തിന്റെ രീതികൾ ജനകീയമാകുന്നത് യുവതലമുറയുടെ ഇടപെടലുകളിലൂടെയാണ്. റിച്ചാർഡ് ഡോക്കിൻസിന്റെയും സൂസൻ ബ്ലാക്ക്മോറിന്റെയും സിദ്ധാന്തങ്ങളെ സൈബറിടത്തിൽ നടക്കുന്ന മലയാളഭാഷയുടെ പരിണാമവുമായി ബന്ധപ്പെടുത്തിയാണ് പഠനം ക്രമീകരിച്ചിട്ടുളളത്.
**താക്കോൽ വാക്കുകൾ:** സൈബർ ഇടം, മീം, ട്രോൾ, സാംസ്കാരിക പരിണാമം, മലയാളഭാഷ.

സാങ്കേതികവിദ്യ മനുഷ്യന്റെ ബൗദ്ധികവും സാംസ്കാരികവുമായ ജീവിതത്തെ നവീകരിക്കുകയും മുന്നോട്ടു നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്ന സമകാല അവസ്ഥയാണിന്നുള്ളത്. മലയാളിയുടെ ജീവിതത്തെ നിർണ്ണയിക്കുന്നതിൽ ഇന്റർനെറ്റ് വ്യവഹാരങ്ങൾക്കും നവമാധ്യമങ്ങൾക്കും പങ്കുണ്ട്. നവമാധ്യമങ്ങളിലൂടെ പ്രചാരം നേടുന്ന ചിന്തകളും അഭിപ്രായങ്ങളും മലയാളിയുടെ പൊതുബോധമായി പരിണമിക്കുന്നു. സാങ്കേതികവിദ്യയും നവമാധ്യമങ്ങളും മനുഷ്യനും തമ്മിലുള്ള ബന്ധത്തിൽ നിരന്തരം മാറ്റങ്ങൾക്ക് വിധേയമാകുന്നത് ഭാഷയാണ്. സൈബർ സംസ്കാരത്തിന്റെ വർത്തമാനകാലവുമായി സംവദിക്കാൻ അനുയോജ്യമായ രീതിയിലേക്ക് യുവതലമുറ ഭാഷയെ പരിവർത്തന വിധേയമാക്കുന്നു. മീമുകളിലൂടെയാണ് ഭാഷ സൈബറിടത്തിൽ നിരന്തരം പരിണാമവിധേയമാകുന്നത്.

**സാംസ്കാരിക പരിണാമവും മീമുകളും**

സൈബറിടത്തിൽ പ്രചരിക്കുന്ന ആശയങ്ങളെയും ചിത്രങ്ങളെയും പൊതുവായി വിശേഷിപ്പിക്കാൻ ഉപയോഗിക്കുന്ന വാക്കാണ് ഇന്റർനെറ്റ് മീം (internet meme). ആശയവിനിമയത്തിന് സൗകര്യപ്രദമായ നിലയിൽ പരിണമിച്ചതോടെയാണ് ഇന്റർനെറ്റ് മീമുകൾ ജനപ്രിയമായത്. ഇന്നുള്ള ഇന്റർനെറ്റ് മീമുകളുടേതിൽ നിന്ന് തികച്ചും വ്യത്യസ്തമായിരുന്നു മീം എന്ന ആശയത്തിന്റെ ആദ്യരൂപം. മീമുകൾക്ക് മനുഷ്യന്റെ സാംസ്കാരിക ചരിത്രവുമായി അഭേദ്യമായ ബന്ധമാണുള്ളത്. സാംസ്കാരിക പരിണാമവുമായി (Cultural evolution) ബന്ധപ്പെട്ട ചർച്ചകളിലൂടെയാണ് മീം ആദ്യമായി ജനശ്രദ്ധ നേടുന്നത്. ഡാർവിന്റെ പരിണാമ സിദ്ധാന്തങ്ങളെ മുൻനിർത്തി ജീവികൾക്ക് മാത്രമല്ല സംസ്കാരങ്ങൾക്കും സമാനമായി പരിണാമം സംഭവിക്കുന്നുണ്ടെന്നും അതുകൊണ്ടാണ് മനുഷ്യൻ ഇന്നും ഭൂമിയിൽ അതിജീവിക്കുന്നതെന്നുമുള്ള പഠനങ്ങൾ സാമൂഹ്യശാസ്ത്രമേഖലയിൽ സജീവമായി. സോഷ്യോബയോളജിയുടെ സിദ്ധാന്തങ്ങളിൽ നിന്നും വ്യത്യസ്തമായും ജനറ്റിക്സിനു സമാന്തരമായും മിമറ്റിക്സ് എന്നൊരു ശാസ്ത്രശാഖയും സാമൂഹികപരിണാമ പഠനങ്ങൾക്കുവേണ്ടി രൂപപ്പെട്ടു.

1976 ൽ പ്രസിദ്ധീകരിച്ച റിച്ചാർഡ് ഡോക്കിൻസിന്റെ 'ദി സെൽഫിഷ് ജീൻ' എന്ന പുസ്തകത്തിലൂടെയാണ് മീം എന്ന വാക്ക് ആദ്യമായി ജനങ്ങളിലേക്ക് എത്തുന്നത്. ജീവിവർഗ്ഗത്തിന്റെ പരിണാമത്തിൽ പ്രധാന പങ്കുവഹിക്കുന്നത് ജീനുകളാണ്. തലമുറകൾ വഴി കൈമാറ്റം ചെയ്യുന്ന ജീനുകളുടെ പ്രവർത്തന മികവാണ് മനുഷ്യന്റെ നിലനിൽപ്പിന്റെ അടിസ്ഥാനം. ജീവപരിണാമത്തിൽ ജനിതക ഘടന തലമുറകളിലേക്ക് പകർത്താൻ സഹായകമായി ജീനുകൾ പ്രവർത്തിച്ചതുപോലെ സംസ്കാരത്തിനുള്ളിലെ പരിണാമത്തിൽ പുതിയ ഒരു പകർത്തുയന്ത്രം (replicator) രൂപപ്പെട്ടുവെന്ന്

Copyright@ 2022 REST Publisher

ഡോക്കിൻസ് അഭിപ്രായപ്പെടുന്നു. ജീനിന് സമാനമായി മീം എന്ന വാക്കാണ് പുതിയ പകർപ്പുണ്ടാക്കലിന് ഡോക്കിൻസ് നൽകിയത്. ജനതയുടെ ഉള്ളിൽ ആവർത്തിച്ച് പ്രചരിക്കുന്ന ആശയമോ, അനുകരിക്കുന്ന സ്വഭാവങ്ങളോ, ചിന്തകളോ, ഒരു സംസ്കാരമോ, നിർദ്ദേശങ്ങളോ, അറിവുകളോ ആണ് മീം എന്ന് വിശേഷിപ്പിക്കുന്നത്. "സാംസ്കാരിക ആശയങ്ങൾ ഒരു മനസ്സിൽ നിന്ന് മറ്റൊരു മനസ്സിലേക്ക് പകർത്താൻ സഹായിക്കുന്ന അടിസ്ഥാന ഘടകമാണ് (unit) മീം. ഈണങ്ങൾ (tunes), ആശയങ്ങൾ (ideas), ആകർഷക വാക്യങ്ങൾ (catch phrases), വസ്ത്രധാരണ രീതികളിലെ പുതുമകൾ, വാസ്തുവിദ്യകൾ തുടങ്ങിയവയെല്ലാം മീമുകളിൽ ഉൾപ്പെടുന്നു" (Dawkins Richard, 2006: 249). ഹാസ്യത്തിന് വേണ്ടി ഉപയോഗിക്കുന്ന പ്രയോഗങ്ങളും മീമുകളിൽ ഉൾപ്പെടുന്നു. 'ശശിയാകുക' എന്ന പ്രയോഗം ഇത്തരത്തിൽ രൂപംകൊണ്ട ഒരു മീമാണ്. മീമുകളിലൂടെ മലയാള ഭാഷയിലേക്ക് കടന്നു വന്ന 'പ്ലിംഗ്', 'ടോയിംഗ് ' പോലുള്ള പുതിയ വാക്കുകൾ സിനിമകളിലെ പശ്ചാത്തല സംഗീതത്തിന് ഉപയോഗിക്കുന്ന ഈണങ്ങളുടെ സ്വാധീനത്തിൽ നിന്നും ഉണ്ടായതാണ്.

അനുകരണത്തിലൂടെയാണ് (imitation) മീമുകളുടെ വ്യാപനം സമൂഹത്തിൽ നടക്കുന്നത്. പകർത്താനുള്ള പ്രവർത്തിയായി മീമുകളെ പരിഗണിക്കുമ്പോൾ അതിനൊരു വാഹകം അനിവാര്യമാണ്. ഇവിടെയാണ് ഭാഷ പ്രസക്തമാകുന്നത്. സാംസ്കാരിക പരിണാമത്തിന്റെ മികച്ച ഉദാഹരണമായി സൂസൻ ബ്ലാക്ക്മോർ ചൂണ്ടിക്കാണിക്കുന്നതും ഭാഷയെയാണ് (1999: 24). ആദ്യകാലങ്ങളിൽ ആംഗ്യ ഭാഷയിലൂടെയും പിന്നീട് ശബ്ദങ്ങളിലൂടെയും ശേഷം എഴുത്തും വായനയുമുള്ള ഭാഷകളിലൂടെയായിരുന്നു മീമുകളുടെ പ്രചാരം. ഭാഷ എന്ന മാധ്യമത്തിലൂടെ ആശയങ്ങളെ എളുപ്പത്തിൽ പരസ്പരം ബന്ധിപ്പിക്കാനും പ്രചരിപ്പിക്കാനും സാധിച്ചു. അച്ചടിയും കത്തുകളും തുടങ്ങി ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും വരെ എത്തിനിൽക്കുന്ന "കമ്മ്യൂണിക്കേഷൻ മേഖലയിൽ മനുഷ്യൻ ഇതേവരെ നടത്തിയിട്ടുള്ള കണ്ടുപിടുത്തങ്ങളെല്ലാം മീമുകളുടെ അതിജീവനത്തിനുള്ള വാഹനങ്ങളായാണ് വർത്തിച്ചത്" (സെബിൻ എ.ജേക്കബ്: 2015).

ഇന്റർനെറ്റിൽ അതിവേഗം പ്രചരിക്കുന്ന ഡിജിറ്റൽ ഉള്ളടക്കങ്ങളാണ് ഉണ്ടായിരിക്കുക. മീമുകൾ സ്വഭാവികമായും ഇത്തരം രൂപങ്ങളിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടു. ആശയങ്ങൾ രേഖപ്പെടുത്തുന്ന ചിത്രങ്ങളും സ്റ്റൈലികളും വീഡിയോ രംഗങ്ങളും ഡിജിറ്റൽ ഉള്ളടക്കങ്ങളിലൂടെ മീമുകളുടെ ഭാഗമായി. ഹാഷ് ടാഗുകളും ഇതിൽ ഉൾപ്പടുന്നു. സാമൂഹ്യമാധ്യമങ്ങളിലൂടെ #MeToo പോലെയുള്ള അന്തർദേശിയ ശ്രദ്ധ നേടിയ ഹാഷ് ടാഗുകളും സാമൂഹിക വിമർശനത്തെ മുൻനിർത്തി മലയാളികൾക്കിടയിൽ പ്രചരിച്ച #justice for jishnu, പ്രളയകാലത്ത് വാർത്തകളും സഹായങ്ങളും ജനങ്ങളിലേക്ക് എത്തിക്കാൻ സഹായിച്ച #സേവ് കേരള, #നമ്മൾ അതിജീവിക്കും തുടങ്ങിയ ഹാഷ് ടാഗുകളും ഉദാഹരണങ്ങളാണ്. കമന്റുകളിലൂടെ ആശയവിനിമയം നടത്തിയിരുന്ന ഇന്റർനെറ്റിന്റെ ആദ്യകാലത്ത് ട്രോളുകൾ ടെക്സ്റ്റ് ബേസ്ഡ് മീമുകളായാണ് നിലനിന്നത്. പിന്നീട് ജനങ്ങളുടെ മനസ്സിൽ പതിഞ്ഞതും സമൂഹത്തിൽ സ്വാധീനമുള്ളതുമായ ചിത്രങ്ങളും സിനിമാരംഗങ്ങളും ശബ്ദരേഖകളും വീഡിയോ ക്ലിപ്പുകളും ട്രോളുകൾക്കായി ഉപയോഗിക്കാൻ ആരംഭിച്ചു. ആശയവിനിമയരംഗത്ത് വലിയ മാറ്റങ്ങൾക്കിത് വഴിയൊരുക്കി. നവമാധ്യമങ്ങളിലൂടെ പ്രചരിക്കുന്ന ട്രോളുകൾ മീമുകൾക്ക് അനുയോജ്യമായ മാധ്യമമായി മാറി. ഇന്റർനെറ്റ് മീമുകൾ എന്നാണ് ഇത്തരത്തിൽ പരിണാമം സംഭവിച്ച മീമുകളെ വിശേഷിപ്പിക്കുന്നത്.

**മലയാളം ട്രോളുകൾ**

ഹാസ്യത്തെ കോർത്തിണക്കി ട്രോളുകൾ സാമൂഹികവിമർശനത്തിന് ഉപയോഗിക്കാൻ തുടങ്ങിയതോടെ മലയാളികൾക്കിടയിലും ട്രോളുകൾക്ക് സ്വീകാര്യത ഉണ്ടായി. സൈബറിടത്തിൽ മറ്റുള്ളവരെ അലോസരപ്പെടുത്തുന്നതിനും ശല്യപ്പെടുത്തുന്നതിനുമുള്ള ഉപാധിയായിട്ടാണ് ട്രോളുകൾ വിലയിരുത്തപ്പെടുന്നതെങ്കിലും കേരളത്തിൽ ട്രോളുകൾക്ക് മറ്റൊരു മുഖമാണുള്ളത്. രാഷ്ട്രീയ, സാമൂഹിക വിമർശനം മുതൽ സാഹിത്യനിരൂപണം വരെ ട്രോളുകളിലൂടെയാണിന്ന് നടക്കുന്നത്. ഭാഷ, ആശയവിനിമയം, സംവാദം, ഡിജിറ്റൽ കല തുടങ്ങി നിരവധി മേഖലകളിൽ ട്രോളന്മാരും ട്രോളത്തികളും നടത്തുന്ന പരീക്ഷണങ്ങൾ പുതിയൊരു വിനിമയ സംസ്കാരത്തെ രൂപപ്പെടുത്തുന്നു. ഇവിടെ അട്ടിമറിക്കും പരീക്ഷണങ്ങൾക്കും കൂടുതലായി വിധേയമാകുന്നത് ഭാഷയാണ്. ഡോക്കിൻസിന്റെ അഭിപ്രായത്തിൽ വിജയിക്കുന്ന ഒരു മീമിന് സൂക്ഷ്മത, ഫലോല്പാദകത്വം, ദീർഘായുസ്സ് എന്നീ ഗുണങ്ങൾ ഉണ്ടായിരിക്കണം. ഇത് പ്രകടമായി വരുന്നത് ഭാഷയിലാണ്. സമൂഹത്തിൽ സംഭവിക്കുന്ന മാറ്റങ്ങൾ ഭാഷയെയും സ്വാധീനിക്കുന്നു. ഓരോ

കാലഘട്ടത്തിലെയും സാമൂഹ്യസാഹചര്യങ്ങൾക്ക് അനുസൃതമായി നിലനിൽക്കാൻ മീമുകളെ പ്രാപ്തരാക്കുന്നതും ഭാഷയാണ്. സാങ്കേതികവിദ്യയുടെ സ്വാധീനത്തിൽ ജീവിക്കുന്ന ഇന്നത്തെ മനുഷ്യരുടെ ഭാഷയെ നിയന്ത്രിക്കുന്നത് സൈബർ സംസ്കാരമാണ്.

എഴുത്തുകാരും പത്രാധിപന്മാരുമായിരുന്നു ഒരു കാലത്ത് ഭാഷയിലേക്ക് പുതിയ വാക്കുകളെയും പ്രയോഗങ്ങളെയും കൊണ്ടുവന്നിരുന്നത്. പ്രാദേശിക ഭാഷാഭേദങ്ങൾക്ക് പ്രാധാന്യം നൽകാതെ അച്ചടിയിലൂടെയും ദൃശ്യഭാഷയിലൂടെയും മാനകഭാഷയിലേക്ക് എഴുത്തും വായനയും പൂർണ്ണമായും മാറ്റാനുള്ള ബോധപൂർവ്വമായ ശ്രമങ്ങൾ ഉണ്ടായി. പ്രാദേശിക ഭാഷാ വൈവിധ്യങ്ങൾ അപരിഷ്കൃതവും അച്ചടി ഭാഷ നിലവാരമുള്ളതായും പൊതുബോധം സൃഷ്ടിക്കപ്പെട്ടു. ഭാഷയിലൂടെ സ്ഥാപിക്കപ്പെട്ട ഈ അധികാര വ്യവസ്ഥയെ സാമൂഹ്യമാധ്യമങ്ങളും ട്രോളുകളും പൊളിച്ചെഴുതുന്നുണ്ട്. പുനർവായനയും പൊളിച്ചെഴുത്തും ഉത്തരാധുനികതത്വത്തിന്റെ പൊതു സവിശേഷതകളിലൊന്നാണ്. വടക്കൻ കേരളത്തിലെ ജനങ്ങളും തെക്കൻ കേരളത്തിലെ ജനങ്ങളും പ്രാദേശിക, ജില്ലാ അടിസ്ഥാനത്തിൽ നേരംപോക്കുകൾക്കായി നടത്തുന്ന മത്സര ട്രോളുകൾ നാടിന്റെയും ഭാഷയുടെയും തനിമകളെ വെളിപ്പെടുത്തുന്നവയാണ്.

സൈബർ സംസ്കാരം മനുഷ്യർക്ക് നൽകിയത് പ്രതീതിലോകത്ത് എന്തും എഴുതിയിടാനുള്ള സ്വാതന്ത്ര്യമാണ്. ഫെയ്സ്ബുക്കിലെ വെള്ളയടിച്ച ചുമരുകൾ ( facebook wall) മലയാളികളുടെ ആവേശം വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ചുമരെഴുത്തുകളെ മലയാളിയുടെ സാമൂഹികവും രാഷ്ട്രീയവും സാംസ്കാരികവുമായ മേഖലകളിലെ സംവാദാത്മകതയോട് ചേർത്തുവെച്ച് കാണേണ്ടതുണ്ട്. പ്രതിഷേധങ്ങൾ, അറിയിപ്പുകൾ, വാർത്തകൾ, കലാപ്രദർശനങ്ങൾ, സിനിമാ പോസ്റ്ററുകൾ, തിരഞ്ഞെടുപ്പ് പ്രചരണങ്ങൾ തുടങ്ങി ഒരു നാടിന്റെ സംവാദാത്മകതയുടെ ചരിത്രം കൈയ്യെഴുത്തുകളിലൂടെ ചുമരുകളുമായി ബന്ധപ്പെട്ടിരിക്കുന്നു. പരസ്യം പതിക്കരുത് എന്ന രണ്ട് രണ്ടു വാക്കുകളിൽ മലയാളി നഷ്ടപ്പെടുത്തിയത് വിവരവിനിമയത്തിന്റെ ജനകീയ പരിസരം കൂടിയായിരുന്നു. ഫെയ്സ്ബുക്കിന്റെ എഴുത്തിടം മലയാളികൾക്ക് നൽകിയതും ചുമരെഴുത്തിന്റെ സാധ്യതകളാണ്. എല്ലാവർക്കും എഴുതാൻ കഴിയുന്ന, വായിക്കാൻ കഴിയുന്ന, അഭിപ്രായങ്ങൾ പങ്കുവെക്കാൻ കഴിയുന്ന ഇടമായി ഫെയ്സ്ബുക്ക് മാറുന്നു. പഴയ ചുമരുകളിലെ മനോഹരമായ കൈയ്യെഴുത്ത് കലയുടെയും പോസ്റ്ററുകളുടെയും സ്ഥാനം ഇന്ന് ട്രോളുകളും മീമുകളും കൈയ്യടക്കുന്നു. ചെറിയ വാക്കുകളിൽ ആശയസംവേദനം സാധ്യമാക്കുന്ന എഴുത്തിന്റെയും കാഴ്ചയുടെയും ആസ്വാദനത്തിന്റെയും പുതിയ മാതൃകകളായി ട്രോളുകൾ പരിണമിച്ചു.

പ്രാദേശിക ഭാഷകൾക്കാണ് ട്രോളുകളിൽ വളരെയധികം സ്വീകാര്യതയുള്ളത്. വെബ് 2.0 ഉപയോക്താക്കൾക്ക് നൽകിയ അഭിപ്രായ പ്രകടനത്തിനുള്ള സ്വാതന്ത്ര്യമാണ് യൂസ് നെറ്റ് ഫോറങ്ങളിലൂടെയും ബ്ലോഗുകളിലൂടെയും മറ്റും നടന്ന ചർച്ചാ സംവാദങ്ങളിലൂടെ വളർന്ന് ഫെയ്സ്ബുക്കിൽ എത്തിനിൽക്കുന്നത്. ഭാഷയിൽ സംഭവിക്കുന്ന മാറ്റങ്ങളെ സംവാദാത്മകതയുടെ ജനകീയ ഇടങ്ങളുമായി ബന്ധപ്പെടുത്തി ചിന്തിക്കേണ്ടത് അനിവാര്യമാണ്. ആര് എഴുതണം, എന്ത് എഴുതണം, എങ്ങനെ എഴുതണം, ആരെക്കുറിച്ച് എഴുതണം, ആരെ വിമർശിക്കണം, ഏത് ഭാഷയിൽ എഴുതണം, ഏത് വാക്കുകൾ ഉപയോഗിക്കണം, എന്തെല്ലാം പ്രസിദ്ധീകരിക്കണം എന്നെല്ലാം തീരുമാനിക്കുന്ന ഒരു വിഭാഗം അപ്രസക്തമാകുന്ന കാലമാണിത്. എല്ലാവരും എഴുതുകയും വായിക്കുകയും ചെയ്യുന്ന സ്ഥിതി ആത്മസംതൃപ്തിയുടെ എഴുത്തിടമായി ഫെയ്സ്ബുക്കിനെ മാറ്റുന്നു. ട്രോളുകൾ പുതിയ ഡിജിറ്റൽ കലയായി മാറുന്നു. മനുഷ്യനും ഭാഷയും സൈബർ സാംസ്കാരിക പരിണാമത്തിനും വിധേയമാകുന്നു.

**ട്രോളീകരണവും മലയാള ഭാഷയും**

ഇംഗ്ലീഷ് ട്രോൾ കൂട്ടായ്മകളിൽ നിന്ന് സ്വാധീനം ഉൾകൊണ്ടാണ് മലയാളം ട്രോൾ കൂട്ടായ്മകളും ഉണ്ടായത്. മീമുകൾ കൈമാറുന്നതിനു വേണ്ടിയുള്ള നിരവധി കൂട്ടായ്മകളും ഇത്തരം സംഘങ്ങളോട് ചേർന്ന് രൂപപ്പെട്ടിരുന്നു. ഇംഗ്ലീഷ് ട്രോൾ കൂട്ടായ്മകളിൽ സജീവമായിരുന്ന ചുരുക്കെഴുത്ത് രൂപങ്ങൾ മലയാളത്തിലേക്കും കടന്നു വന്നു. LOL (laughing out loud), cu (see you), Bro (brother), msg (message) തുടങ്ങിയ പ്രയോഗങ്ങളും വാക്കുകളുടെ ആദ്യഅക്ഷരങ്ങൾ മാത്രം ഉപയോഗിച്ച് ആശയവിനിമയം നടത്തുന്ന രീതിയും (omg, bf, gf ) ചാറ്റുകളിലും കമന്റുകളിലും സർവ്വസാധാരണമായി ഉപയോഗിക്കുന്നു. ട്രോളുകളിൽ വ്യക്തികളുടെ പേരിന് മുൻപ് ചേർക്കുന്ന 'ലെ' പ്രയോഗവും ഇംഗ്ലീഷ് ട്രോളുകളിൽ നിന്നും കടം കൊണ്ട ശൈലിയാണ്. ഇംഗ്ലീഷ് ഭാഷയിലെ The എന്ന ഡെഫനിറ്റ് അർട്ടിക്കിളിനു സമാനമായി ഫ്രഞ്ച് ഭാഷയിൽ ഉപയോഗിക്കുന്നതാണ് 'Le'. The ചേർക്കേണ്ട സ്ഥലത്ത് അനവസരത്തിൽ Le പ്രയോഗിച്ച് നർമ്മം സൃഷ്ടിക്കാനുള്ള ശ്രമമാണ് ട്രോൾപേജുകൾ നടത്തിയത്. മലയാളത്തിലിത് 'ലെ' എന്നാണ് ട്രോളന്മാർ എഴുതുന്നത്. 'ലെ ഞാൻ ലോ ലവൻ' പോലുള്ള പ്രയോഗങ്ങളും ഉണ്ടാകുന്നു. ഇംഗ്ലീഷ് വാക്കുകളെ

ലിപ്യന്തരണത്തിലൂടെ മലയാളം വാക്കുകളായി എഴുതുന്ന രീതിയും സൈബറിടത്തിലുണ്ട്. വൈറൽ, ട്രോൾ, മീം തുടങ്ങിയ വാക്കുകൾ ഉദാഹരണമാണ്.

ഇംഗ്ലീഷ് വാക്കുകളെ മലയാളീകരിച്ച് എഴുതുന്ന രീതിയും ട്രോളുകളിൽ കാണാം. ഇംഗ്ലീഷ് ട്രോൾ ഗ്രൂപ്പുകളിൽ ഒരാൾ പോസ്റ്റ് ചെയ്ത ട്രോളിനു മറുപടിയായി #meanwhile എന്ന ഹാഷ് ടാഗോടെ മറ്റ് മീമുകൾ കമന്റുകളായി ഇടുന്ന രീതിയും ഉണ്ടായിരുന്നു. മലയാളികൾ ഈ വാക്കിനെ 'മീനവിയൽ' എന്നാക്കി. close enough 'ചായ കാച്ചൽ' എന്നും true story 'സത്യകഥ'യും ഒറിജിനൽ മീമുകൾ 'കൈപ്പണി'യായും Psychological move 'സൈക്കളോടിക്കൽ മൂവും' കമന്റിന്റെ തീവ്രതയ്ക്കനുസരിച്ച് 'ലോറിയോടിക്കൽ മൂവ്'മായി പരിണാമപ്പെട്ടു. Bitch please 'ബിജു പ്ലീസ്" ആയും കൂട്ടായ്മകളിൽ നിന്ന് പുറത്താക്കുന്നതിനായി Ban ചെയ്യുന്നതിനെ 'ബൺ കൊടുക്കൽ' എന്നും വിശേഷിപ്പിക്കുന്ന രീതിയും കാണാം. എല്ലാ കാര്യങ്ങളെയും വിമർശിക്കുന്നവരെ പരിഹസിക്കാൻ ഉപയോഗിക്കുന്ന വാക്കാണ് 'ആമ്പയറിസ്റ്റിക് '. ആം ചെയർ ആക്റ്റിവിസം എന്ന ഇംഗ്ലീഷ് പ്രയോഗത്തിന് പകരമാണിത് ഉപയോഗിക്കുന്നത്. അക്കാദമിക് പർപ്പസ്സ് എന്ന വാക്ക് 'അക്കാദമിക് പരിപ്പുവട'യായും മാറുന്നു. വാക്കുകളെ ബോധപൂർവ്വം തെറ്റായി പ്രയോഗിച്ച് പുതിയ വാക്കുകളെയും അർത്ഥത്തെയും സൃഷ്ടിക്കുകയും മറ്റുള്ള വാക്കുകളുടെ ഉച്ചാരണവുമായി സാദൃശ്യപ്പെടുത്തി സമാനമായ ആശയത്തെ അവതരിപ്പിക്കുകയും ചെയ്യുന്ന ട്രോളുകൾ നിരവധിയുണ്ട്. ട്രോളന്മാരിതിനെ 'ട്രോളീകരണം' എന്നാണ് വിശേഷിപ്പിക്കുന്നത്. ലിപ്യന്തരണത്തിനു പകരം ട്രോളീകരണം നടത്തി ഭാഷയുടെ സ്വാതന്ത്ര്യം ആഘോഷിക്കുകയാണ് പുതിയ തലമുറ.

'കുമ്മനടി', 'പ്ലിംങ്', 'ട്രോയിംങ്', 'ഛളി', 'ഛളിയൻ', 'തേക്കുക', 'പൊങ്കാലയിടുക', 'കുരു പൊട്ടുക', 'തള്ളുക' തുടങ്ങിയ വാക്കുകളും ശൈലികളും ട്രോളുകൾ മലയാളത്തിന് സംഭാവന ചെയ്തിട്ടുണ്ട്. ക്ഷണിക്കാതെ ചെല്ലുന്ന അതിഥി എന്ന അർത്ഥത്തിലാണ് കുമ്മനടിയെ മലയാളി ഉപയോഗിക്കുന്നത്. പൊട്ടിച്ചിരിക്കുന്ന ഇമോജിയ്ക്ക് 'കുമ്മോജി'യെന്ന വിശേഷണമാണ് ട്രോളന്മാർ നൽകിയിരിക്കുന്നത്. ഇത്തരം പ്രയോഗങ്ങൾ സൈബറിടത്തിലാണ് രൂപം കൊള്ളുന്നതെങ്കിലും വളരെ വേഗത്തിൽ പൊതു സമൂഹത്തിലേക്ക് വ്യാപിക്കുന്നു. കുമ്മനടിക്ക് സമാനമായി നിരവധി പ്രയോഗങ്ങൾ ഉണ്ടായെങ്കിലും അവയൊന്നും വേണ്ടത്ര പ്രചാരം ലഭിച്ചില്ല. സമൂഹത്തിൽ മീമുകൾ പടരുന്ന രീതിയ്ക്ക് പ്രകൃതി നിർദ്ധാരണത്തിലൂടെ (natural selection) ജീവപരിണാമം നടക്കുന്ന പ്രക്രിയയുമായി സാമ്യമുണ്ട്. ഓരോ ജനസമൂഹത്തിലും അനുദിനം നിരവധി മീമുകൾ ഉണ്ടാകുകയും ചിലത് മാറ്റങ്ങൾക്ക് വിധേയമായി പരിഷ്കരിക്കപ്പെടുകയും ചിലത് കാലക്രമത്തിൽ ഇല്ലാതാകുകയും ചെയ്യുന്നു. അതിജീവനം മീമുകൾക്കും പ്രധാനമാണ്.

പൊങ്കാല, പ്രമുഖം എന്നീ വാക്കുകൾക്ക് സംഭവിച്ച അർത്ഥവ്യതിയാനവും പ്രധാനമാണ്. ദൈവങ്ങൾക്ക് നിവേദിക്കുന്ന ചടങ്ങിനെ സൂചിപ്പിക്കുന്ന പൊങ്കാല എന്ന പദം സൈബറിടത്തിൽ മറ്റൊരർത്ഥത്തിലാണ് അറിയപ്പെടുന്നത്. ഏതെങ്കിലും വ്യക്തികളുടെയോ സ്ഥാപനങ്ങളുടെയോ അഭിപ്രായങ്ങളെയും പോസ്റ്റുകളെയും കൂട്ടമായി വന്ന് കമന്റിട്ട് ആക്രമിക്കുന്നതിനെയാണ് പൊങ്കാല എന്ന് വിശേഷിപ്പിക്കുന്നത്. ആൾക്കൂട്ടത്തിന്റെയും ആണത്തത്തിന്റെയും പൂരപറമ്പാണ് സൈബർ പൊങ്കാലയിടങ്ങൾ. സന്ദർഭങ്ങൾക്കനുസൃതമായി ആക്ഷേപഹാസ്യം, തെറി വിളികൾ, ആക്രോശങ്ങൾ, വെല്ലുവിളികൾ, സ്ത്രീവിരുദ്ധത എന്നിവ കൊണ്ട് സമ്പന്നമാണ് പൊങ്കാലകൾ. പുതിയ പ്രയോഗങ്ങൾ ജനങ്ങൾക്കിടയിൽ പ്രചരിക്കുന്നതും പൊങ്കാലകളിലൂടെയാണ്. 'ഫെമിനിച്ചി', 'പട്ടി ഷോ', 'കോളനിവാണം' മുതലായ അധിക്ഷേപവാക്കുകൾ പൊങ്കാലകളിലൂടെയാണ് വൈറൽ ആയത്.

സ്ത്രീവാദമുന്നേറ്റ ചരിത്രത്തിന്റെ രാഷ്ട്രീയത്തെയും നിലപാടുകളെയും അധിക്ഷേപിക്കുന്ന സൈബർ ആണത്തത്തിന്റെ പരിഹാസമാണ് ഫെമിനിച്ചിയെന്ന വാക്കിലൂടെ വെളിപ്പെടുന്നത്. സ്ത്രീകൾ സ്വതന്ത്രമായി അഭിപ്രായം പ്രകടിപ്പിക്കുന്നിടത്തെല്ലാം വ്യക്തിഹത്യയ്ക്കുവേണ്ടി സ്ത്രീവിരുദ്ധത നിറഞ്ഞ ഇത്തരം പ്രയോഗങ്ങൾ മലയാളികൾ ഉപയോഗിക്കുന്നു. സിനിമാ നടിമാരായ പാർവതി, റിമാ കല്ലിങ്കൽ, മാധ്യമ പ്രവർത്തകരായ സ്ത്രീകൾ തുടങ്ങി ആണത്തത്തിന്റെ പൊതുബോധ ചട്ടക്കൂടുകൾക്ക് പുറത്ത് സ്വന്തം സ്വാതന്ത്ര്യത്തിനുസരിച്ച് ജീവിക്കുന്ന എല്ലാ സ്ത്രീകളും സമൂഹത്തിൽ ദിനവും ഫെമിനിച്ചിയെന്ന മുദ്രകുത്തലിന് വിധേയമാകുന്നുണ്ട്. ഭാഷകൊണ്ട് മാത്രമല്ല, നോട്ടം കൊണ്ടും പരിഹാസം കൊണ്ടും. പുരുഷാധിപത്യ അധികാരവ്യവസ്ഥയിൽ കേന്ദ്രിതമായ ഒരു സമൂഹത്തിലേക്ക് സ്ത്രീവിരുദ്ധത മീമുകളിലൂടെ വേഗത്തിൽ പ്രചരിപ്പിക്കപ്പെടുന്നു. സാഹിത്യകൃതികളിലേക്കും ഇത് കടന്നു വരുന്ന പ്രവണതയും ഉണ്ടാകുന്നു. അനുരാഗ് ഗോപിനാഥിന്റെ 'ദി ഗെയിം ഓവർ' എന്ന നോവലിൽ ആക്റ്റിവിസ്റ്റായ ഒരു സ്ത്രീ കഥാപാത്രത്തെ വിശേഷിപ്പിക്കാൻ നോവലിസ്റ്റ് ഇതേ വാക്ക് ഉപയോഗിക്കുന്നുണ്ട്. സൈബറിടത്തിൽ സ്ത്രീകൾ ഉയർത്തുന്ന വിഷയങ്ങൾക്ക് പിന്തുണ നൽകുന്നവരെ 'പാവാടകൾ' എന്നു വിളിച്ചാണ് അധിക്ഷേപങ്ങൾക്ക് വിധേയരാക്കുന്നത്.

തേക്കക എന്ന പ്രയോഗവും സ്ത്രീകൾക്ക് മാത്രം അടിച്ചേൽപ്പിക്കുന്ന സ്വഭാവത്തിന്റെ വിശേഷണ രൂപമാകുന്നു. ആണിന്റെ തേപ്പ് 'മാസ്സ്' എന്ന വിശേഷണത്തിലൂടെ വീരപരിവേഷവും ചാർത്തപ്പെടുന്നു. സ്ത്രീവിരുദ്ധമായ ഇത്തരം പ്രയോഗങ്ങൾ സൈബർ പൊതുഇടങ്ങളിൽ നിന്ന് സ്ത്രീകളെ നിശബ്ദരാക്കാനുള്ള ശ്രമങ്ങളുടെ ഭാഗമാണ്. പക്ഷേ ഇതിനോട് പ്രതികരിക്കാനും പ്രതിഷേധിക്കാനും അവഗണിക്കാനും 'OMKV' (ഓട് മലരേ കണ്ടം വഴി), 'മലരേ', 'വസന്തങ്ങൾ', 'വർണ്ണക്കോഴി' പോലുള്ള ലളിതവും മൂർച്ചയുള്ളതുമായ നിരവധി പ്രയോഗങ്ങൾ സ്ത്രീകളും ഉപയോഗിക്കുന്നു. ട്രോളുകളുടെ പ്രതികരണശേഷിയിത് വർദ്ധിപ്പിക്കുകയും സാമൂഹ്യവിമർശനവും പൊതുഇടങ്ങളും ആണിന്റെ മാത്രം കുത്തകയല്ല എന്ന് തെളിയിക്കുകയും ചെയ്യുന്നു.

'പട്ടി ഷോ' എന്നൊരു പ്രയോഗം മലയാളികൾക്കിടയിലിന്ന് പ്രചാരത്തിലുണ്ട്. ട്രോളുകളിലൂടെയാണിത് ജനശ്രദ്ധ നേടിയത്. മറ്റുള്ളവരുടെ ശ്രദ്ധ ആകർഷിക്കുന്നതിനു വേണ്ടി നടത്തുന്ന പ്രവർത്തികൾ, ലൈക്കും ഷെയറും ലഭിക്കുന്നതിനായി നടത്തുന്ന ശ്രമങ്ങൾ, വാഹനങ്ങളുമായി അഭ്യാസം കാണിക്കുന്നവർ, പൊതു ഇടങ്ങളിൽ മദ്യപിച്ചും അല്ലാതെയും മറ്റുള്ളവർക്ക് ബുദ്ധിമുട്ട് സൃഷ്ടിക്കുന്നവർ തുടങ്ങിയവരെയെല്ലാം വിശേഷിപ്പിക്കാനാണീ വാക്ക് ആദ്യഘട്ടത്തിൽ ട്രോളുകളിൽ ഉപയോഗിച്ചിരുന്നത്. ഫെയ്സ്ബുക്കിലെ മതസൗഹാർദ്ദ ഫോട്ടോ ഷൂട്ട് പ്രഹസനങ്ങൾ ഇതിന് ഉദാഹരണമാണ്. എന്നാൽ കാലക്രമേണ ചില പ്രത്യേക വിഭാഗം മനുഷ്യരെ മാത്രം ലക്ഷ്യമാക്കി അധിക്ഷേപിക്കാൻ ഇന്നീ വാക്ക് വ്യാപകമായി ഉപയോഗിക്കുന്നു. ചാനലുകളിലെ കോമഡി റിയാലിറ്റി ഷോകളും സിനിമകളിലെ നിറത്തെയും ശരീരത്തെയും കുറിച്ചുള്ള അധിക്ഷേപഹാസ്യവും ദ്വയാർത്ഥ പ്രയോഗങ്ങളും ഇത്തരം വാക്കുകളുടെ പിറവിയ്ക്കും പ്രചാരണത്തിനും കാരണമാകുന്നുണ്ട്. സാധാരണക്കാരൻ അവന്റെ നേട്ടങ്ങൾ സാമൂഹ്യമാധ്യമങ്ങളിൽ പങ്കുവെച്ചാൽ അത് പട്ടി ഷോയും 'പ്രമുഖ'രായ മനുഷ്യർ പങ്കുവെച്ചാൽ അത് സാമൂഹിക മൂലധനവുമാകുന്ന സാമൂഹ്യവ്യവസ്ഥയിലെ വിഭജനങ്ങളുടെ അടയാളപ്പെടുത്തലായി ഇത്തരം പ്രയോഗങ്ങൾ മാറുന്നു. യുവ എഴുത്തുകാരായ ദേവികയുടെ 'നിലാവ്' എന്ന നോവലിലും അനു രാജീവിന്റെ 'മിഴിയിൽ' എന്ന നോവലിലും വിനോദ് നാരായണന്റെ 'ആനമയിലൊട്ടകം' എന്ന നോവലിലും ഈ വാക്ക് ഉപയോഗിച്ചിട്ടുണ്ട്.

മീമുകളിലൂടെ മറ്റുള്ളവരെ അധിക്ഷേപിക്കാനും പരിഹസിക്കാനും വ്യാപകമായി ഉപയോഗിക്കുന്ന വിശേഷണമാണ് 'കോളനിവാണം'. അപരവിദ്വേഷത്തിന്റെ പ്രതിഫലനം മാത്രമല്ല ഇതിൽ ഉൾക്കൊള്ളുന്നത്. സമൂഹത്തിന്റെയുള്ളിൽ നിലനിൽക്കുന്ന വംശീയതയുടെയും വർണ്ണവെറിയുടെയും ജാതിയമായ മനോഭാവങ്ങളുടെയും പ്രകടനങ്ങൾ കൂടിയായിതിനെ കാണേണ്ടതുണ്ട്. സാധാരണ മനുഷ്യരുടെ ജീവിത പരിസരങ്ങളെ സാംസ്കാരിക മൂല്യങ്ങളൊന്നുമില്ലാത്ത ഇടങ്ങളായി ചിത്രീകരിച്ച് പൊതുബോധം സൃഷ്ടിക്കാൻ ഇത്തരം പ്രയോഗങ്ങൾക്ക് കഴിയുന്നു. മുഖ്യധാരയിൽ നിന്നും ഓരങ്ങളിലേക്ക് അകറ്റി നിർത്തപ്പെട്ട മനുഷ്യരുടെ ജാതി, ഭാഷ, വീട്, ഭക്ഷണം, വസ്ത്രം, നിറം, വിശ്വാസങ്ങൾ, ആചാരങ്ങൾ, പെരുമാറ്റം എന്നിവയെല്ലാം ഒരു ഭാഷയിലെ തെറികളും അധിക്ഷേപ വാക്കുകളുമായി മാറുന്നു. നീച ഭാഷ എന്ന പ്രയോഗം പോലും മലയാള വ്യാകരണത്തിൽ ഉണ്ട്. സാംസ്കാരിക പരിണാമം സംഭവിക്കുമ്പോഴും മനുഷ്യരുടെ മനോഭാവത്തിനും യാഥാസ്ഥിതിക ചിന്തകൾക്കും കാലാനുസൃതമായ പരിണാമം ഉണ്ടാകണമെന്നില്ല. തിരിച്ചറിവുകൾ സംഭവിക്കുന്നില്ലെങ്കിൽ നിലവിലുള്ള പൊതുബോധം ഭാഷയിൽ പുതിയ വാക്കുകളിലൂടെയും പ്രയോഗങ്ങളിലൂടെയും സമൂഹത്തിലേക്ക് കടന്നു വരും. "മീമുകൾ പഴയ ആശയങ്ങളുടെ വ്യത്യസ്ത രൂപങ്ങളിൽ നിന്നും അവയുടെ സമ്മിശ്രണമായ കൂടിച്ചേരലുകളിൽ നിന്നുമാണ് രൂപപ്പെടുന്നത്. അതൊരു വ്യക്തിയുടെ മനസ്സിലാകാം അല്ലെങ്കിൽ ചിലപ്പോൾ ഒരു വ്യക്തിയിൽ നിന്ന് മീമുകൾ മറ്റുള്ളവരിലേക്ക് കൈമാറുന്നതു വഴിയോ ആയിരിക്കാം (Blackmore Susan, 1999: 15). ഓൺ ലൈൻ ഓഫ് ലൈൻ അതിർവരമ്പുകൾ അപ്രസക്തമാകുന്ന കാലത്തിൽ സമൂഹത്തിന്റെ കാഴ്ചപ്പാടുകളുടെ പ്രതിഫലനമായി നവമാധ്യമങ്ങളിലെ പൊതുഇടങ്ങളും മാറുന്നു.

ജാതിപ്പേരുകൾ വിളിച്ച് അധിക്ഷേപിക്കുന്നതിന് പകരമായി ഇത്തരം പ്രയോഗങ്ങൾ വ്യാപകമായിന്ന് ഉപയോഗിക്കുന്നു. ഫാൻ ഫൈറ്റ് ക്ലബ് പോലുള്ള ടോക്സിക് കൂട്ടായ്മകൾ ഹാസ്യത്തിനായി സൃഷ്ടിച്ച വാക്കാണ് എന്ന് ന്യായം നിരത്തിയാലും കൃത്യമായി പ്രിവിലേജുകൾ ഇല്ലാത്ത ഒരു വിഭാഗം മനുഷ്യരെ ലക്ഷ്യം വയ്ക്കുന്ന പ്രയോഗമായി അത് മാറിയിട്ടുണ്ട്. ബ്രാൻഡഡ് അല്ലാത്ത സാധനങ്ങൾ ഉപയോഗിക്കുന്നവർ, സംവരണങ്ങൾ ലഭിക്കുന്നവർ, ഇഷ്ടപ്പെട്ട നിറങ്ങളിലുള്ള വസ്ത്രം ധരിക്കുന്നവർ, ഫാഷൻ ട്രെൻഡുകൾ പിന്തുടരുന്നവർ തുടങ്ങി ott പ്ലാറ്റ്ഫോമിലല്ലാതെ സിനിമ കാണാൻ ടെലിഗ്രാം ഉപയോഗിക്കുന്നവരെയും പൾസർ 200NS ബൈക്ക് അടക്കമുള്ള വാഹനങ്ങൾ ഉപയോഗിക്കുന്നവർ വരെ ഇത്തരം പ്രയോഗങ്ങളിലൂടെ അധിക്ഷേപിക്കപ്പെടുന്നു. ഡിജിറ്റൽ വിഭജനവും സാമൂഹികവിഭജനവും മനുഷ്യർക്കിടയിൽ സൃഷ്ടിക്കുന്ന അന്തരം വളരെ വലുതാണ്. മീമുകളുടെ ജനപ്രിയത പൊതുസമൂഹത്തിലേക്ക് അതിവേഗത്തിൽ ഇത്തരം പ്രയോഗങ്ങൾ വ്യാപിക്കാൻ വഴിയൊരുക്കുകയും ചെയ്യുന്നു. ഒരു വാക്ക് കൊണ്ട്, വിശേഷണം

Copyright@ REST Publisher

കൊണ്ട് ഒരു ജനസമൂഹത്തെയാകെ ഒറ്റപ്പെടുത്തുന്ന, കുറ്റപ്പെടുത്തുന്ന, അപമാനത്തിന്റെ ഓരങ്ങളിലേക്ക് വീണ്ടും മാറ്റി നിർത്തുന്ന പ്രവണത മീമുകളുടെയും ട്രോളുകളുടെയും സാമൂഹിക വിമർശനശേഷിയെ ദുർബലമാക്കും. ഭാഷയിലൂടെ മനുഷ്യനെ വിഭജിക്കാൻ മീമുകൾ ഉപയോഗിക്കുന്നതിനെതിരെ പ്രതികരിക്കേണ്ട അനിവാര്യതയും ട്രോളുകൾ ആസ്വദിക്കുന്നവരുടെ ഉത്തരവാദിത്വമാണ്. ഐ.സി.യു, ട്രോൾ റിപ്പബ്ലിക്ക് പോലുള്ള കൂട്ടായ്മകൾ സാമൂഹ്യവിഷയങ്ങളിൽ പുലർത്തുന്ന ജാഗ്രതയും തെറ്റുകൾ ഉണ്ടായാൽ തിരുത്താൻ തയ്യാറാകുന്നതും മാതൃകയാണ്.

മലയാളത്തിലെ പേരുകൾക്ക് സംഭവിച്ച അർത്ഥവ്യതിയാനങ്ങളും പ്രധാനമാണ്. ശശിയാകുക എന്ന വിശേഷണം ഉദാഹരണം. തന്ത്രപരമായും വൈകാരികമായും അപമാനമേൽക്കുക (strategically and sentimentally insulted– S.A.S.I) എന്നതിന്റെ ചുരുക്കെഴുത്താണ് ശശിയെന്ന് ട്രോളന്മാർ വിശകലനം ചെയ്യുന്നു. സോമൻ, രതീഷ്, സുമേഷ്, സതീഷ്, സജി, ഷിബു തുടങ്ങിയ പേരുകൾക്ക് കല്പിക്കുന്ന പുതിയ അർത്ഥതലങ്ങളും 'eye Killer വർഷ', 'റൈഡർ കണ്ണാപ്പി' തുടങ്ങിയ പേരുകൾ ആളുകളുടെ പൊതു വിശേഷണങ്ങളായി പരിണമിച്ചതും ശ്രദ്ധിക്കേണ്ടതാണ്. രാഷ്ട്രീയ പ്രവർത്തകരെ ട്രോളാൻ ഉപയോഗിക്കുന്ന ചുരുക്കെഴുത്തുകളായ കമ്മി– കമ്മിണി, കൊങ്ങി – കൊങ്ങിണി, സംഘി – സംഘിണി, സുടാപ്പി, സഖാപ്പി, അന്തം തുടങ്ങിയ വിശേഷണങ്ങൾ, യുക്തിവാദികളെ വിശേഷിപ്പിക്കുന്ന 'ജമ്പ്രുകൾ', വ്യക്തികളുടെ പ്രവർത്തികൾക്കും സന്ദർഭങ്ങൾക്കും അനുസൃതമായി നൽകുന്ന 'ഷ്" ചേർത്തുള്ള പേരുകൾ (വെട്ടേഷ്, വാറ്റേഷ്, ഗുണ്ടേഷ്, അൽപേഷ്, കവിതേഷ് തുടങ്ങിയവ), 'കേശവൻ മാമൻ' എന്ന വിശേഷണം, സിനിമാ താരങ്ങളുടെ ആരാധകരെ വിശേഷിപ്പിക്കുന്ന 'പ്രചണ്ഡകൾ', 'യവനാണ്ടി' തുടങ്ങിയ പ്രയോഗങ്ങൾ, സർക്കാസം പോസ്റ്റ് ഗൗരവമായി കണ്ട് കമന്റുന്നവരെ വിളിക്കുന്ന 'നിഷ്ക' പോലെയുള്ള നിരവധി പുതിയ പദങ്ങളും ശൈലികളുമാണ് മീമുകളിലൂടെ ഭാഷയിൽ സൃഷ്ടിക്കപ്പെടുന്നത്. 'അടിപൊളി', 'കുരു പൊട്ടൽ', 'പൊളി സാനം'(സാധനം), 'തട്ടുപൊളിപ്പൻ', 'എന്തൊരു ദ്രാവിഡാണ്", 'ചങ്ക് ബ്രോ', 'ഗയ്സ്", 'ന്യായീകരണത്തൊഴിലാളി' തുടങ്ങിയ പ്രയോഗങ്ങളെല്ലാം സൈബറിടത്തിലെ മലയാള ഭാഷയുടെ വ്യത്യസ്തതയെയാണ് സാക്ഷ്യപ്പെടുത്തുന്നത്.

എന്റെ സിവനേ, കേട്ടോടാ രാവുണ്ണി, മനുഷ്യനാവടാ ആദ്യം, നമ്മളിനി എന്ത് ചെയ്യും മല്ലയ്യാ, കലങ്ങില്ലാ തുടങ്ങി നിരവധി സിനിമാ സംഭാഷണങ്ങൾ ചൊല്ലുകളായി ട്രോളുകളിൽ ഇടം പിടിക്കുന്നുണ്ട്. സിനിമകളിൽ ഉപയോഗിക്കാത്ത ഡയലോഗുകളെ സിനിമകളിലെ യഥാർത്ഥ ഡയലോഗുകളെന്ന പേരിൽ മാറ്റം വരുത്തി ജനങ്ങളെ തെറ്റുധരിപ്പിക്കുന്ന പ്രവണതയും ട്രോളുകളിൽ സജീവമാണ്. ഉദാഹരണത്തിന് 'വടക്കുനോക്കിയന്ത്രം' എന്ന ചിത്രത്തിൽ ശ്രീനിവാസൻ പറയുന്നതായി ട്രോളുകൾ അവതരിപ്പിച്ച 'ശോഭ ചിരിക്കുന്നില്ലേ' എന്ന സംഭാഷണം തെറ്റാണ്. യഥാർത്ഥത്തിൽ 'ശോഭയ്ക്ക് തമാശ അങ്ങോട്ട് മനസ്സിലായില്ല അല്ലേ' എന്നാണ്. ജനങ്ങൾ പൂർണ്ണമായും മറക്കാത്ത, എന്നാൽ തെറ്റായി ഓർത്തിരിക്കുന്ന സംഭാക്ഷണങ്ങളെ സമർത്ഥമായി തിരുത്തിയെഴുതി പുതിയൊരു പ്രയോഗം പൊതുബോധത്തിൽ പ്രതിഷ്ഠിക്കുകയാണ് ട്രോളന്മാർ. 'മണ്ടേല ഇഫക്ട്' എന്നാണി പ്രതിഭാസം അറിയപ്പെടുന്നത്. "ഒരു വ്യക്തി തന്റെ വികലമായ ഓർമ്മകൾ വെച്ച് ഒരു കാര്യം യാഥാർത്ഥ്യത്തിൽ സംഭവിച്ചതാണ് എന്ന് വിശ്വസിക്കുന്നതിനെയാണ് മണ്ടേല ഇഫക്ട് എന്ന് വിശേഷിപ്പിക്കുന്നത്" (റോബിൻ കെ. മാത്യു : 2022). 'തെറ്റ് ചെയ്യാത്തവരായി ആരുമില്ല ഗോപു', 'കുട്ടിമാമ ഞാൻ ഞെട്ടി മാമ' തുടങ്ങി ട്രോളുകളിൽ സജീവമായി ഉപയോഗിക്കുന്ന നിരവധി ഡയലോഗുകൾ ഇതിനു ഉദാഹരണമാണ്.

ഭാഷാ പ്രയോഗത്തിൽ മാത്രമല്ല വ്യാകരണത്തിലും കൂട്ടിക്കലർത്തൽ നടത്തി അവതരിപ്പിക്കുന്ന രീതി ട്രോളുകളിൽ കാണാം. ഇംഗ്ലീഷ് ഭാഷയിലെ ക്രിയാധാതുക്കളോട് മലയാള പ്രത്യയങ്ങൾ ചേർത്ത് എഴുതുന്ന രീതി വ്യാപകമായി ഉപയോഗിക്കുന്നു. ഉദാഹരണമായി ലൈക്ക് + ഇ= ലൈക്കി. ഇതിന് സമാനമായി സെന്റി, പോസ്റ്റി, ചാറ്റുക, ഡിലിറ്റുക, ട്രോളി തുടങ്ങിയ എഴുത്തുകളും ഉണ്ടാകുന്നു. 'that വെറുപ്പിക്കൽ മൊമന്റ്", 'അർമ്മാദം is' തുടങ്ങിയ പ്രയോഗങ്ങളും കാണാം. ഇമോട്ടിക്കോണുകൾ, സ്മൈലികൾ, ചിഹ്നങ്ങൾ, അക്കങ്ങൾ, ഇറ്റാലിക്സ്, ബോൾഡ് എന്നിവയും വ്യത്യസ്ത അർത്ഥങ്ങളെ സൂചിപ്പിക്കുന്നതിനായി ട്രോളുകളിൽ ഉപയോഗിക്കുന്നു. തെറികൾ എഴുതുന്നതിന് പകരമായി @#£–&+/%π$ തുടങ്ങിയ ചിഹ്നങ്ങൾ ഉൾപ്പെടുത്തുന്നു. "വരമൊഴിയുടെ ഔപചാരിക നിയമങ്ങളെ പലപ്പോഴും വെല്ലുവിളിച്ചും ഒപ്പം വാമൊഴിക്കാലത്തെ സ്വാതന്ത്ര്യം നിലനിർത്തിയും ഉള്ള ഒരുതരം 'എഴുത്തുഭാഷണം' എന്നോ 'അനൗപചാരിക എഴുത്തുഭാഷ' എന്നോ ഒക്കെ ഇതിനെ വിളിക്കാം"(സുനീത ടി. വി, 2014: 232). ടെക്സ്റ്റ് ബേസ്ഡ് മീമുകളായി നിൽക്കുന്ന കമന്റുകളിലൂടെയാണ് ചിഹ്നങ്ങളും സ്മൈലികളും വ്യാപകമായി ഉപയോഗിക്കുന്നത്. വാട്ട്സ്ആപ്പിൽ വ്യക്തികളുടെ ഫോട്ടോകൾ സ്റ്റിക്കറുകളായി ഉപയോഗിക്കുന്ന രീതിയുണ്ട്. സന്ദർഭങ്ങൾക്കനുസൃതമായ

ഭാവപ്രകടനങ്ങൾ ആശയ സംവേദനത്തിന് പുതിയ സാഹചര്യമൊരുക്കുന്നു. മനുഷ്യൻ തന്നെ മീമായി രൂപാന്തരപ്പെടുന്നു.

കുഞ്ഞാവ ട്രോളുകളിൽ കുട്ടികളുടെ സംസാരശൈലിയിൽ എഴുതപ്പെടുന്ന ആശയങ്ങളിൽ ശിശുഭാഷയുടെ സൗന്ദര്യവും ശൈലി ഭംഗിയും ആവിഷ്കരിക്കാനും ട്രോളന്മാർ ശ്രദ്ധ ചെലുത്തുന്നു. 'പത്തി മാമ' പോലുള്ള കൊഞ്ചൽ വിളികൾ ഉദാഹരണമാണ്. എഴുത്തു ഭാഷയുടെ ലിഖിത നിയമങ്ങളെ പൊളിച്ചെഴുതിയും സംസാരഭാഷയുടെ സ്വാതന്ത്ര്യത്തെ ആഘോഷമാക്കിയും യുവതലമുറ മീമുകളിലൂടെ രസികത്തങ്ങളെ ആഘോഷമാക്കുകയാണ്. അക്കാദമിക് നിലവാരമുള്ള എഴുത്തുഭാഷയിലേക്ക് ട്രോളുകളിലൂടെ പ്രചരിക്കുന്ന വാക്കുകൾ കടന്നു വരുന്നത് വിരളമാണ്. സാഹിത്യകൃതികളിലേക്ക് ഇത്തരം പ്രയോഗങ്ങൾ വന്നു തുടങ്ങിയിരിക്കുന്നു. ജനങ്ങളുടെ സംസാരഭാഷയിൽ ഇത്തരം പ്രയോഗങ്ങൾ വ്യാപകമായി ഉപയോഗിക്കുന്നു. പുതിയ വാക്കുകൾ വേഗത്തിൽ തന്നെ പ്രാദേശിക ഭാഷാ പ്രയോഗങ്ങളോട് ചേർന്ന് പ്രചാരം നേടുന്നു. യുവതലമുറയാണിതിന്റെ പ്രചാരകർ. ഒഴിഞ്ഞു നിൽക്കാൻ സാധിക്കാത്ത തരത്തിൽ സൈബർ സ്വാധീനം ഭാഷയിൽ നിരന്തരം മാറ്റങ്ങൾ വരുത്തുന്നു. ഇന്റർനെറ്റ് സംസ്കാരത്തിലൂടെ മലയാളിക്കൊപ്പം മലയാളവും മാറുകയാണ്. പുതിയൊരു സാംസ്കാരിക പരിണാമത്തിന്റെ ഘട്ടത്തിലാണിന്ന് മലയാള ഭാഷ.

### ഗ്രന്ഥസൂചി

1. ജോസ് കെ. മാനുവൽ (എഡി.), നവമാധ്യമങ്ങൾ: ഭാഷ, സാഹിത്യം, സംസ്കാരം, സാഹിത്യപ്രവർത്തക സഹകരണസംഘം, കോട്ടയം, 2014.
2. ബിമിനിത് ബി. എസ്., നവമാധ്യമങ്ങളുടെ പുതിയ ആകാശങ്ങൾ, കേരള പ്രസ് അക്കാദമി, കൊച്ചി, 2014.
3. സുനീത ടി. വി., 'സൈബർ മാധ്യമ സാഹിത്യം', എൻ. സാം (എഡി.), സമകാല മലയാള സാഹിത്യം, കറന്റ് ബുക്സ്, കോട്ടയം, 2014.
4. Blackmore Susan, The Meme machine, Oxford University press, New York, 1999.
5. Dawkins Richard, The Selfish Gene, Oxford University press, New York, 2006.

### വെബ്ലിയോഗ്രാഫി

1. സെബിൻ എ. ജേക്കബ്, 'ചാക്യാന്മാരിൽനിന്ന് ചളിയന്മാരിലേക്ക്", 25 September 2015. http://blog.smc.org.in
2. റോബിൻ കെ. മാത്യു, 'ഡയലോഗുകൾ തെറ്റിച്ചുപറയുന്ന മണ്ടേല ഇഫക്റ്റ്", 23 August 2022. https://www.mathrubhumi.com/health/features/what-is-mandela-effect-examples-of-mandela-effect-false-memory-1.7810671